# നാറാണത്ത് സൈക്കിൾ

ഹൈറേഞ്ച് അനുഭവം

കെ.പി. ജയകുമാർ



എന്റെ ആദ്യത്തെ സൈക്കിൾ സവാരി കീർത്തിയോടൊപ്പമായിരുന്നു. ഹരിപ്പാട്ട് നിന്നും ഹൈറേഞ്ചിലേക്ക് കുടിയേറിപ്പർത്ത തങ്കപ്പൻ പിള്ളയുടെ മകനാണ് കീർത്തി. ഹരിപ്പാട് നിന്നും ആലപ്പുഴവരെയും പിന്നെ മലയാലപ്പുഴവരെയുമൊക്കെ സൈക്കിൾ ചവിട്ടിപ്പോയ ധീരോദാത്തവും അതിസാഹസികവുമായ ഒരു ഭൂതകാലം കീർത്തിക്കുണ്ടായിരുന്നു. ഞങ്ങളുടെ സൈക്കിൾ സവാരികളിലെല്ലാം ആ കഥകളോരോന്ന് കെട്ടഴിഞ്ഞഴിഞ്ഞുവരും. സൈക്കിളിനുപിന്നിൽ കാരിയറിലിരുന്ന് യാത്രചെയ്യുന്നതിനേക്കാളെനിക്കിഷ്ടം മുന്നിലെ കമ്പിയിൽ ചരിഞ്ഞിരുന്ന് ഹാന്റിലിൽ ക്കൈകൾ മുറുകെപ്പിടിച്ച് കറുകറുത്ത റോഡിന്റെ അറ്റത്തേക്ക് നോക്കിയിരിക്കുന്നതാണ്. അപ്പോഴൊക്കെ ഞാൻ സങ്കൽപ്പിച്ചിട്ടുണ്ട്, സൈക്കിൾ ഓടിക്കുന്നത് ഞാനാണെന്ന്.

ഹരിപ്പാട്ട് നിന്നും മലയാലപ്പുഴക്കോ ആലപ്പുഴക്കോ സൈക്കിൾ ചവിട്ടിപ്പോകുന്നതുപോലെ രസകരവും ഉല്ലാസകരവുമൊന്നുമല്ല ഹൈറേഞ്ചിലെ സൈക്കിൾ സവാരി.

സൈക്കിൾ ഓടിക്കുവാൻ മാത്രമായി ഒരു യാത്ര. വീട്ടിൽനിന്നും സൈക്കിൾ തള്ളിക്കൊണ്ട് രണ്ടുകിലോമീറ്റർ പോകണം. ഇടക്ക് ചെറിയദൂരങ്ങളിൽ ചവിട്ടുകയുമാവാം. നെടുങ്കണ്ടം പഞ്ചായത്ത് യു.പി. സ്കൂളിന്റെ മുന്നിൽ നിന്നാണ് യഥാർത്ഥത്തിൽ സവാരി ആരംഭിക്കുന്നത്. സ്കൂളിനു താഴെ ഓച്ചിറ കാക്കായുടെ കലുങ്കിനു സമീപം കീർത്തി സൈക്കിൾ നിർത്തും. അത്രദൂരം സൈക്കിൾ തള്ളിയതിന്റെ കിതപ്പോടെ. സൈക്കിളിന്റെ മുൻകമ്പിയിൽ എന്നെ പൊക്കിയെടുത്ത് ഇരുത്തും. പിന്നെ സൈക്കിൾ നിവർത്ത് ഒറ്റക്കാലിൽ ഞൊണ്ടിക്കയറി ഒറ്റപ്പറപ്പിക്കലാണ്. താന്നിമൂട് വരെ. അത്ര ദൂരം നല്ല ഇറക്കമാണ്. രണ്ടാമതൊരു സവാരിക്ക് വീണ്ടും നെടുങ്കണ്ടത്തേക്ക് സൈക്കിൾ ഉന്തിക്കൊണ്ടുപോകണം എന്നുള്ളതുകൊണ്ട് സവാരി മിക്കവാറും ദിവസം ഒരു നേരം മാത്രമായിരുന്നു.

സമതലങ്ങളിൽ ജീവിക്കുന്നവർക്ക് സൈക്കിൾ പലപ്പോഴും തൊഴിലിന്റെ, ജീവസന്ധാരണത്തിന്റെ, ഉല്ലാസയാത്രയുടെ, നേരംപോക്കിന്റെ, സായാഹ്നയാത്രയുടെ കൂട്ടുകാരിയോ (കാരനോ) ആയിരുന്നു. എന്നാൽ ഇടുക്കിപോലെ കുന്നുകളും ചെങ്കുത്തായ കയറ്റിറക്കങ്ങളും നിറഞ്ഞ ഭൂമിശാസ്ത്രത്തിൽ സൈക്കിൾ വിദൂരസമതലങ്ങളിൽനിന്നും കയറിവന്ന ഒരപൂർവ്വ ജീവിയായിരുന്നു. സൈക്കിൾ കൗതുക വസ്തു എന്നതിലപ്പുറം ജീവിതത്തെ നിശ്ചയിക്കുന്നതായി എനിക്ക് അനുഭവപ്പെട്ടിട്ടില്ല. അതുപലപ്പോഴും സമതലങ്ങളിൽനിന്നോ, ഇടനാട്ടിൽ നിന്നോ കുടിയേറിവന്നവരോടൊപ്പം കയറിവന്ന ഒരു നൊസ്റ്റാൾജിയ ആയിരുന്നു.

ഹൈസ്കൂളിൽ പഠിക്കുന്ന കാലത്താണ് സൈക്കിൾ സവാരി പഠിക്കണമെന്ന ആഗ്രഹം കലശലായത്. കൂട്ടുകാരൻ നൗഷാദ് സ്വന്തമായി സൈക്കിൾ വാങ്ങി. നാട്ടിൽ സ്വന്തമായി സൈക്കിളുണ്ടായിരുന്ന ഞങ്ങളുടെ പ്രായത്തിലുള്ള ആദ്യത്തെയാൾ നൗഷാദാണ്. പകുതിയിലേറെ ദൂരം തള്ളിക്കൊണ്ടുപോയും ചെറിയ ദൂരങ്ങളിൽ ചവിട്ടിയും കയറ്റത്തിൽനിന്നും താഴേക്ക് കുതിച്ചും ആവർത്തിക്കുന്ന സൈക്കിൾ സവാരികൾക്ക് ഒരുനാറാണത്തു ഭ്രാന്തൻ ടച്ചുണ്ട്. എന്നിട്ടും എന്തിനാണ് നൗഷാദ് സൈക്കിൾ വാങ്ങിയതെന്നോ, അവന്റെ അത്തയും അമ്മയും അതിനുള്ള പണം കൊടുത്തത് എങ്ങനെയാണെന്നോ ഇന്നും വെളിപ്പെടാത്ത രഹസ്യമാണ്. കാരണം സൈക്കിൾ ചവിട്ടുന്നതും സിനിമക്കുപോകുന്നതുമൊക്കെ കുട്ടിക്കാലത്തെ ക്രിമിനൽ കുറ്റങ്ങളായിരുന്നുവല്ലോ.

കല്ലാർ ഗവൺമെന്റ് ഹൈസ്കൂളിനടുത്ത് സൈക്കിൾ വാടകക്ക് കൊടുത്തിരുന്ന ഒരു സ്ഥലമുണ്ടായിരുന്നെന്നും അവിടുത്തെ കുട്ടികൾ വീട്ടുകാരും സാറൻമാരും കാണാതെ ഉച്ചനേരങ്ങളിൽ സൈക്കിൾ ചവിട്ടിയിരുന്നെന്നും ഞങ്ങൾ നെടുങ്കണ്ടത്തെ കുട്ടികൾ കേട്ടിരുന്നു. വെള്ളിയാഴ്ച ഉച്ചക്ക് കുട്ടികൾ കൂട്ടം കൂട്ടമായി സൈക്കിൾ ഉന്തി കയറ്റം കയറുന്നതും, ഇറക്കം വിട്ടു പായുന്നതും ഞങ്ങൾ സങ്കൽപ്പിച്ചുനോക്കിയിട്ടുണ്ട്. ഒരുപാട് വർഷങ്ങൾക്കു ശേഷം ഒരു ചലച്ചിത്രമേളയിൽ സൈക്കിളിസ്റ്റ് എന്ന ഇറാനിയൻ ചിത്രം കണ്ടിരിക്കുമ്പോൾ എനിക്കും എന്റെ ദേശത്തിനും അപരിചിതമായ രാഷ്ട്രീയശരീരവും ഭൂമിശാസ്ത്രവുമാണ് എനിക്കു കാണാനായത്.

നൗഷാദാണ് എന്നെയും ചേട്ടനെയും സൈക്കിളോടിക്കാൻ പഠിപ്പിച്ചത്. അതൊരു മധ്യവേനലവധിക്കാലമായിരുന്നു. വെയിൽ ചായുമ്പോൾ പടിഞ്ഞാറുനിന്നും അവന്റെ സൈക്കിൾ വരും. ഞങ്ങൾ വിനീത ശിഷ്യൻമാർ വീട്ടിലാരുമറിയാതെ റോഡിലേക്കിറങ്ങും. അടുത്തകാലത്താണ് ഞങ്ങളുടെ റോഡ് ടാറ് ചെയ്തത്. ആ വഴിക്കന്ന് ബസ്സുണ്ടായിരുന്നില്ല. വല്ലപ്പോഴും ആളെക്കയറ്റിപ്പോകുന്ന ജീപ്പുകൾ മാത്രം. കൂടുതൽ സമയവും റോഡ് വിജനമായിക്കിടന്നു. ഏതാണ്ടൊരു മുന്നൂറ് മീറ്ററോളം നിരപ്പുള്ള വഴി. സൈക്കിളോടിക്കാൻ ഇതിലും പറ്റിയ സ്ഥലം ഹൈറേഞ്ചിൽ വളരെ കുറവാണ്! ആ പെരുവഴിയിൽ അങ്ങോട്ടുമിങ്ങോട്ടും ഉരുട്ടിയുരുട്ടി ആ ഇരുചക്രവാഹനത്തെ ഞാൻ മെരുക്കിയെടുക്കുമ്പോഴേക്കും സ്കൂളു തുറന്നു. ചന്നംപിന്നം മഴതുടങ്ങി. ഹൈറേഞ്ചിൽ മഴയെന്നാൽ മെഗാസീരിയൽപോലെയായിരുന്നു. കൃത്യം ജൂൺ ഒന്നിന് രാവിലെ തുടങ്ങുന്ന മഴ, ഓണക്കാലത്തോ മറ്റോ ഒന്നു തോർന്നാലായി. ഇല്ലെങ്കിൽ നവംബറിൽ തുലാവർഷം കൂടി പെയ്തിട്ടേ നിൽക്കൂ. അതൊക്കെ പണ്ട്. പണ്ടെന്നു പറഞ്ഞാൽ ഒരു പതിനഞ്ചുവർഷത്തിനപ്പുറം. ഇന്ന് മഴ ഒരു കാല്പനിക വിചാരമോ, കവിതക്കുള്ള വിഷയമോ, കോളെജ് മാഗസിനിടാനുള്ള പേരോ ഒക്കെയാണ്. സൈക്കിൾ തിരിയുന്നതിനേക്കാൾ വേഗത്തിൽ മാറിമറിഞ്ഞ പ്രകൃതിയുടെ സഞ്ചാരം മനസ്സിലാക്കുന്നതിൽ ഒരു ജനത അമ്പേ പരാജയപ്പെട്ടു. വീലുപഞ്ചറായ സൈക്കിൾപോലെയാണ് ഇന്ന് ഹൈറേഞ്ചിന്റെ കാലാവസ്ഥ.





അന്ന്, സൈക്കിൾ ഇറയത്ത് കയറ്റിവച്ച് മഴ മുറിച്ചുകടന്ന് നൗഷാദും ഞാനും ചേട്ടനുമൊക്കെ സ്കൂളിലേക്കു നടന്നു. ആ സൈക്കിളിന് എന്തു സംഭവിച്ചിരിക്കും ഇറയത്തിരുന്ന് തുരുമ്പെടുത്തിരിക്കുമോ? ഒന്നുമറിയില്ല. പിന്നീട് അതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല. വർഷങ്ങൾക്കിപ്പുറം സ്കൂളും നാടുംവിട്ട് സമതലത്തിൽ കുടിയേറ്റക്കാരനായി എത്തുമ്പോഴാണ് ബൈസിക്കിൾ തീഫ്സ് എന്ന ചിത്രം കാണുന്നത്. ഒരു സൈക്കിൾ ഭൂഖണ്ഡങ്ങളും സമതലങ്ങളും കടന്ന് എല്ലാത്തരം ഭൂമിശാസ്ത്രത്തെയും അപ്രസക്തമാക്കി

**വികസനവും- പ്രതിവികസന രൂപകങ്ങളും ആത്യന്തികമായി വികസനത്തിന്റെ പ്രത്യയശാസ്ത്ര സങ്കൽപം തന്നെയാണ് വച്ചുപുലർത്തുന്നത്. വലിയൊരു കയറ്റം ഉന്തിക്കയറ്റി ഇറക്കംവിട്ടുപോരുന്ന അത്ര ലളിതമായി, കേരളത്തെ പൊതുവിൽ ഒറ്റ ഭൂഖണ്ഡമായി സങ്കൽപിക്കാനാവുമോ?**

ക്കൊണ്ട് നമ്മുടെ സ്വസ്ഥതയിലേക്ക് പാഞ്ഞുകയറി. അതൊരു രാഷ്ട്രീയ കാലാവസ്ഥയെ അപ്പാടെ പ്രതിനിധാനം ചെയ്യുന്നതായിരുന്നു. സൈക്കിൾ പരിചിതമായ സഞ്ചാരോപാധിയല്ലാതിരുന്നിട്ടും, ആസന്നമായ ജീവസന്ധാരണ മാർഗ്ഗമല്ലാതിരുന്നിട്ടും പലച്ചിത്രം നമ്മെ അടിമുടി ഉലച്ചു കളയുന്നു. അത് സിനിമയായതുകൊണ്ടും, സൈക്കിൾ ഒരു രൂപകം മാത്രമായതുകൊണ്ടും സംഭവിക്കുന്നതാണ്. നമ്മുടെ അറിവും ലോകബോധവും പ്രത്യയശാസ്ത്ര വിചാരങ്ങളുമാണ് അവിടെ പ്രവർത്തനക്ഷമമാകുന്നത്.

സൂക്ഷ്മമായ അർത്ഥത്തിൽ (സൂക്ഷ്മ രാഷ്ട്രീയം എന്നൊക്കെ വേണമെങ്കിൽ പറയാം) സൈക്കിൾ ദേശീയതയുടെ പൊതുരൂപകമായി വേഷം പകരുമ്പോൾ മറ്റെല്ലാ ചെറുദേശീയതകളെയും അതിന്റെ വൃത്തപരിധിയിലേക്ക് നിർബന്ധിക്കുന്നു. അഥവാ ദൈനംദിനജീവിതത്തെ നിർണയിക്കുന്ന ജീവസന്ധാരണപരമായ ഒരു ഉപകരണമായി, അനുഭവപ്പെടാത്ത മലയോര വാസികളുടെ രാഷ്ട്രീയ/വികസന ബദൽമാതൃകയായി സൈക്കിൾ രൂപാന്തരപ്പെടുകയില്ല. കേരളത്തിന്റെ വികസനത്തെ സംബന്ധിക്കുന്ന സങ്കൽപ്പങ്ങളിലേക്ക് സൈക്കിൾ ഓടിച്ചുകയറ്റുമ്പോൾ, ഉന്തിക്കയറ്റിയും ഇറക്കം വിട്ടും കഴിഞ്ഞുകൂടുന്ന സവിശേഷമായ ഭൂമിശാസ്ത്രത്തെ, ജനതയെ അഭിസംബോധനചെയ്യുന്നതിൽ പരാജയപ്പെടുന്നു. വികസനം എന്ന പൊതു സങ്കൽപ്പനത്തെ അംഗീകരിച്ചുകൊണ്ടു മാത്രമെ പൊതുവായ ബദൽ നിലനിൽക്കുകയുള്ളു. ഇവിടെ വികസനത്തിന്റെ ഏകകം തന്നെയാണ് ബദൽവികസനത്തിന്റെയും ഏകകമായി പ്രവർത്തിക്കുന്നത്. പ്രധാനവ്യത്യാസം, വികസനം മുന്നോട്ടുവയ്ക്കുന്ന അധികാര-മൂലധന-ആഗോളീകരണ പ്രായോഗിക പദ്ധതികൾക്കെതിരായ കാല്പനിക പ്രതിരോധമായി സൈക്കിൾ രൂപപ്പെടുന്നു. വല്ലാത്തൊരു ലളിതവൽക്കരണം.



*ബൈസിക്കിൾ തീവ്സിൽ നിന്ന്*

ഹൈസ്കൂൾ ക്ലാസിൽ പഠിക്കുന്ന സമയത്താണ് ആദ്യമായി ഒറ്റക്ക് സൈക്കിൾ സവാരി നടത്തുന്നത്. സുകുമാരൻ സാറിന്റെ മകൻ അനീഷ് സ്വന്തമായി സൈക്കിൾ വാങ്ങി. സ്കൂളിലെ ആദ്യത്തെ സൈക്കിൾ മുതലാളി...! അനീഷ് എന്റെ അടുത്ത ചങ്ങാതിയായിരുന്നതിനാൽ വൈകുന്നേരങ്ങളിൽ എനിക്ക് സൈക്കിൾ ഓടിക്കാൻ തരുമായിരുന്നു. സ്കൂളിന്റെ മുറ്റത്തുനിന്നും പി ഡബ്ള്യു ഡി റസ്റ്റ് ഹൗസുവരെ പത്തുമുന്നൂറുമീറ്റർ സൈക്കിൾ ഉന്തിക്കയറ്റണം. പിന്നെ നെടുങ്കണ്ടം പടിഞ്ഞാറേ കവല വരെ രണ്ടു കിലോമീറ്റർ നല്ല ഇറക്കമാണ്. ഒരുകപ്പലോട്ടക്കാരന്റെ ത്രില്ലായിരുന്നു അതിന്. കാരണം, കടലും കപ്പലും മാത്രമല്ല എല്ലാത്തരം ജലയാത്രകളും ഞങ്ങൾക്ക് വിനോദസഞ്ചാര സാധ്യതകൾ മാത്രമായിരുന്നു. എല്ലാവർഷവും ഞങ്ങളുടെ സ്കൂളിൽനിന്ന് കുട്ടികൾ കടലുകാണാൻ പോകുമായിരുന്നു. കടലുകാണൽ ഞങ്ങളുടെ കരിക്കുലത്തിന്റെ ഭാഗമായിരുന്നു. ഇന്നോളം തീവണ്ടിയിൽ യാത്രചെയ്തിട്ടില്ലാത്ത നിരവധിമനുഷ്യരുണ്ടിവിടെ. തീവണ്ടി കണ്ടിട്ടില്ലാത്തവരും. വികസനം എന്നപേരിൽ ആഘോഷിക്കുന്ന എല്ലാക്കാര്യങ്ങളും ഇടുക്കിയുടെ ഭൂമിശാസ്ത്ര-സാമൂഹ്യശാസ്ത്ര പരിധിക്കു പുറത്തായിരുന്നുവെന്നതാണ് സത്യം. വികസനവും-പ്രതിവികസന രൂപകങ്ങളും ആത്യന്തികമായി വികസനത്തിന്റെ പ്രത്യയശാസ്ത്ര സങ്കൽപ്പം തന്നെയാണ് വച്ചുപുലർത്തുന്നത്. വലിയൊരു കയറ്റം ഉന്തിക്കയറ്റി ഇറക്കംവിട്ടുപോരുന്ന അത്ര ലളിതമായി, കേരളത്തെ പൊതുവിൽ ഒറ്റ ഭൂഖണ്ഡമായി സങ്കൽപ്പിക്കാനാവുമോ? എല്ലാവർക്കും ഓടിക്കാൻ കഴിയുന്ന ഒരു സൈക്കിൾ സാധ്യമാണോ? എങ്കിലും മലയോര റയിൽവേയെക്കുറിച്ചും, മലതുരന്നുപായുന്ന എക്സപ്രസ് ഹൈവേയെക്കുറിച്ചുമുള്ള ആസന്ന സംഭാഷണങ്ങളിലാണ് ഹൈറേഞ്ചുകാർ. മരംവെട്ടുന്നതും അണകെട്ടുന്നതുമൊക്കെ ഈ ഇൻഫീരിയോരിറ്റി കോംപ്ലക്സിനെ മറികടക്കാനുള്ള താല്ക്കാലിക മാർഗങ്ങളാണ്.

എന്തായാലും കുന്നിൻ മുകളിലേക്ക് ഉന്തിക്കയറ്റി, അതിൻമേൽ കയറിയിരുന്ന് താഴേക്ക് പാഞ്ഞുപോകുന്ന സൈക്കിൾ, മുതിർന്നവർക്കും കളിക്കാൻ അവസരം കൊടുക്കുന്ന ഒരു കളിപ്പാട്ടമായിരുന്നുവെന്ന് ഞാൻ തിരിച്ചറിയുമ്പോൾ ഏതെങ്കിലും പ്രത്യയശാസ്ത്രത്തെ ലളിതവൽക്കരിക്കുകയല്ല. സൈക്കിൾ പ്രതിനിധാനംചെയ്യുന്ന പൊതുദേശീയതയിൽ ഞങ്ങളുടെ ഭൂമിശാസ്ത്രപരമായ ഇടം ബോധ്യപ്പെടുകയാണ്. ●